പഞ്ചായത്താഫീസറന്മാർ.

* 626 [26] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ :

(എ) പഞ്ചായത്താഫീസറന്മാരെ നിയമിച്ചിട്ടുള്ളത് ഏതടിസ്ഥാനത്തിലാണ് ;

(ബി) പഞ്ചായത്തുകളിൽ ജോലി നോക്കുന്ന പരീക്ഷായോഗ്യതയുള്ള ക്ലാർക്കന്മാരെ നിയമിക്കുന്നതിന് പ്രത്യേക പരീക്ഷാ നിയമനക്കമ്മീഷൻ അംഗീകരിച്ചിട്ടുണ്ടോ ;

(സി) പഞ്ചായത്താഫീസറന്മാരുടെ ജോലികളും അധികാരങ്ങളും കൺഫ്യൂഷ്പ്പെടുത്തിയിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) സർ, ഈ ചോദ്യത്തിന് പല പ്രാവശ്യം ഉത്തരം പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. പി. ഗോപാലൻ : (ബി)-യുടേയും (സി)-യുടേയും ഉത്തരം കിട്ടണം ?

ശ്രീ. കെ. കൊച്ചുകുട്ടൻ : (ബി) നിശ്ചിത പരീക്ഷായോഗ്യതയുള്ളവരിൽ 45 വയസ്സിൽ കുറയാത്തവരും പഴയ തിരുവിതാംകൂർ സംസ്ഥാനത്തിൽപ്പെട്ട പഞ്ചായത്തുകളിലേയും വില്ലേജ്യൂണിയനുകളിലേയും ജീവനക്കാരും ആയവരെ പഞ്ചായത്താഫീസറന്മാരായി നിയമിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) 1950-ലെ തിരുവിതാംകൂർ-കൊച്ചി പഞ്ചായത്താക്ട് 25-ാംവകുപ്പനുസരിച്ച് പഞ്ചായത്താഫീസറന്മാരുടെ ജോലികളും അധികാരങ്ങളും ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്.

കോ-ഓപ്പറേറ്റീവ് അഡ്വൈസറി കമ്മിറ്റി.

* 627 [27] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കോവാപ്പറേറ്റീവ് അഡ്വൈസറി കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ് ;

(സി) ഈ കമ്മിറ്റി അംഗമായിരിക്കുന്നതിനുള്ള യോഗ്യതകളെന്തെല്ലാമാണ് ;

(ഡി) ഈ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) കോവാപ്പറേറ്റീവ് അഡ്വൈസറി കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

(ബി) കൗൺസിലിലെ അംഗങ്ങളുടെ പേരുവിവരം മേടിയിൽ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(1) തിരുവിതാംകൂർ – കൊച്ചി സ്റ്റേറ്റ് സഹകരണബാങ്ക് ചെയർമാൻ.

(2) കൊച്ചി സെൻട്രൽ സഹകരണബാങ്ക് ചെയർമാൻ.

(3) തിരുവിതാംകൂർ–കൊച്ചി സഹകരണ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡൻറ്.

(4) സഹകരണവകുപ്പ് ഗവണ്മെൻറ് സെക്രട്ടറി.

(5) സഹകരണസംഘം രജിസ്ട്രാർ.

(6) ശ്രീ. വി. ആർ. കൃഷ്ണൻഎഴുത്തച്ഛൻ—തൃശ്ശൂർ.

(7) ശ്രീ. സി. എം. സ്റ്റീഫൻ—കൊല്ലം.

(8) ശ്രീ. പി. ഗോപാലൻ, എക്സ് എം. എൽ. എ. വൈക്കം.

(9) ശ്രീ. എൻ. പരമേശ്വരൻപിള്ള, എം. എസ്. എ. ചങ്ങനാശ്ശേരി.

(സ) പ്രസ്തുത കൗൺസിലിൽ അംഗമായിരിക്കുന്നതിനു പ്രത്യേക യോഗ്യതകൾ നിശ്ചയിച്ചിട്ടില്ല. എങ്കിലും സഹകരണപ്രസ്ഥാനത്തിൻെറ വിവിധ വശങ്ങളെക്കുറിച്ച് പരിജ്ഞാനമുള്ളവരും ആ പ്രസ്ഥാനത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുന്നവരുമായ ചിലരെയാണ് കൗൺസിലിൽ അംഗങ്ങളായി നിയമിച്ചിട്ടുള്ളത്.

(ഡി) സഹകരണപ്രസ്ഥാനത്തിൻെറ പുരോഗതിക്കാവശ്യമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും സഹകരണപരമായ കാര്യങ്ങളിൽ സഹകരണസംഘം രജിസ്ട്രാരേയും ഗവണ്മെൻറിനേയും ഉപദേശിക്കുകയുമാണ് ഈ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ശ്രീ. സി. എം. സ്റ്റീഫൻ അത്ര നല്ല സഹകാരിയാണോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നല്ല സഹകാരിയാണെന്നാണ് അറിവ്.

ശ്രീ. സി. കെ. വിശ്വനാഥൻ : കോൺഗ്രസ്സുകാരല്ലാത്ത ഏതെങ്കിലുമൊരു അനുദ്യോഗസ്ഥാംഗം ഈ കൗൺസിലിൽ ഉണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : വായിച്ച പേരുകളിൽ കോൺഗ്രസ്സുകാരല്ലാത്തവരുമുണ്ട്.

ശ്രീ. സി. കെ. വിശ്വനാഥൻ : ഇതിൽ വൈദഗ്ദ്ധ്യമുള്ള ആളുകളെ എല്ലാം ഈ കൗൺസിലിൽ ഉൾപ്പെടുത്താത്തതു് എന്തുകൊണ്ടാണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : വളരെ അധികം വിദഗ്ദ്ധന്മാരുണ്ട്. അവരെ എല്ലാംചേർത്തു ഒരു കമ്മിറ്റി ഉണ്ടാക്കുന്നതു അപ്രായോഗികമായതുകൊണ്ടു് അങ്ങിനെ ചെയ്തില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ : പ്രൊഫസർ മുണ്ടശ്ശേരിയെപ്പോലെയുള്ളവർ കൗൺസിലിൽ വരേണ്ടെന്നു അഭിപ്രായമുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇനിയും ഈമാതിരി കാര്യം വരും. അപ്പോഴും അതു വേറെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. വിശ്വനാഥൻ : ശ്രീ. സ്റ്റീഫൻ കൊല്ലത്തെ ഒരു കോൺഗ്രസ്സ് പ്രവർത്തകനല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കൊല്ലം മാത്രമല്ല, പലയിടത്തും അദ്ദേഹം കോൺഗ്രസ്സ് പ്രവർത്തനം നടത്തും.

ശ്രീ. സി. കെ. വിശ്വനാഥൻ : ശ്രീ. കൃഷ്ണൻ പുത്തഞ്ചൻ തൃശ്ശൂരെ കോൺഗ്രസ്സ് പ്രവർത്തകനല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അദ്ദേഹം ഒരു നല്ല സഹകാരിയാണെന്നും അറിയാം.

ശ്രീ. സി. കെ. വിശ്വനാഥൻ : ശ്രീ. പി. ഗോപാലൻ വൈക്കത്തെ ഒരു കോൺഗ്രസ്സ് പ്രവർത്തകനല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : വരുന്ന പഞ്ചവത്സരപദ്ധതിയിൽ ലൈംഷെല്ലിനെ സംബന്ധിച്ചിടത്തോളം പലതും ചെയ്യേണ്ടതുണ്ട്. അദ്ദേഹം ലൈംഷെൽ യൂണിയന്റെ പ്രസിഡന്റാണ്.

ശ്രീ. സി. കെ. വിശ്വനാഥൻ : മന്ത്രിമാരെകൊണ്ടും എം. എൽ. എ. മാരെകൊണ്ടും സാധിക്കാത്ത ആളുകളെ ചേർത്താണ് ഈ കൗൺസിൽ ഉണ്ടാക്കിയിട്ടുള്ളതെന്ന് മനസ്സിലാക്കുന്നതിൽ തെറ്റുണ്ടോ ?

Mr. SPEAKER : I disallow that question.

ശ്രീ. ടി. കെ. ദിവാകരൻ : ശ്രീ. സ്റ്റീഫൻ ഏതു സഹകരണസംഘത്തിൽപ്പെട്ട ആളാണെന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നോട്ടീസ് കൂടാതെ അതു പറയാൻ സാദ്ധ്യമല്ല.

ശ്രീ. ടി. കെ. ദിവാകരൻ : അദ്ദേഹത്തിനു് ഏതെങ്കിലും സഹകരണസംഘവുമായി ബന്ധമുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ബന്ധമുണ്ടെന്നാണ് അറിവ്.

ശ്രീ. ടി. കെ. ദിവാകരൻ : കോൺഗ്രസ്സുകാരല്ലാത്ത ആരെയെങ്കിലും ഈ കൗൺസിലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പ്രമുഖ സഹകാരികളിൽപ്പെട്ടവരാണ് ഞാൻ വായിച്ച ലിസ്റ്റിലുള്ളത്. സഹകരണബാങ്ക് ചെയർമാൻ, ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ് മുതലായവരുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : അതു് ഇൻസ്റ്റിറ്റ്യൂട്ടിനും ബാങ്കിനും പ്രാതിനിദ്ധ്യം കൊടുത്തിരിക്കയല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതേ. അവരെ തിരഞ്ഞെടുത്ത സഹകാരികളാണെന്ന അടിസ്ഥാനത്തിലാണ് എടുത്തിട്ടുള്ളത്.

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങനെ സ്ഥാപനങ്ങൾക്കു് പ്രാതിനിദ്ധ്യം കൊടുത്തിരിക്കുന്നതൊഴിച്ചാൽ സഹകരണത്തിൽ വിശ്വസിക്കുന്ന കോൺഗ്രസ്സുകാരല്ലാത്ത ആരെയെങ്കിലും എടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇൻസ്റ്റിറ്റ്യൂട്ടിൻ പ്രാതിനിധ്യം കൊടുത്തപോലെ മറ്റാളുകൾക്കും പരിഗണന കൊടുത്തിട്ടുണ്ട്.

SHRI P. S. NATARAJA PILLAI : Is it the opinion of the Government that there are no co-operators in any of the political parties other than the Congress ?

SHRI K. KOCHUKUTTAN : There are persons in other political parties also.

ശ്രീ. ആർ. പ്രകാശം : ശ്രീ. സ്റ്റീഫനെ എടുത്തത് കൊല്ലം താലൂക്ക് സഹകരണസംഘം പ്രതിഷേധിച്ചിട്ടുള്ളതായി അറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനു നോട്ടീസുവേണം.

ശ്രീ. ആർ. പ്രകാശം : അദ്ദേഹത്തിനെ കൗൺസിലിൽ എടുത്തത് എന്തടിസ്ഥാനത്തിലാണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അദ്ദേഹത്തിന്റെ സർവ്വീസ് ഈ പ്രസ്ഥാനത്തിനു പ്രയോജനപ്പെടുമെന്നു കരുതിയാണ് എടുത്തത്.

പോലീസുദ്യോഗസ്ഥന്മാരുടെ പാരിതോഷികങ്ങൾ.

* 628. [28] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ആണ്ടിൽ ജനുവരി മാസം മുതൽ ഇന്നുവരെ എത്ര പോലീസ് ഉദ്യോഗസ്ഥന്മാർക്ക് പാരിതോഷികങ്ങൾ നൽകിയിട്ടുണ്ട് ;

(ബി) ഇവരുടെ ഓരോ ഡിവിഷനിലേയും എണ്ണമെത്ര ;

(സി) ഏ. എസ്. പി. മി. ഗോപാലനു എന്തെങ്കിലും സമ്മാനമോ, പ്രശംസാപത്രമോ കൊടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു്, എന്തിനു കൊടുത്തു എന്നു വ്യക്തമാക്കുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ) :

ചിലപ്രാവശ്യം ഇവിടെ ഇതിനുത്തരം പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. സി. കെ. വിശ്വനാഥൻ : ബി–യുടെ ഉത്തരം കിട്ടണം.

ശ്രീ. ഏ. ജെ. ജാൺ : (ബി) തിരുവനന്തപുരം ഡിസ്ട്രിക്ടിൽ മാത്രം ഒരാളിനു്.

ശ്രീ. സി. കെ. വിശ്വനാഥൻ : മറ്റു ഡിസ്ട്രിക്ടുകളിൽ പ്രശസ്തമായ സേവനം നടത്തിയിട്ടുള്ളവർക്ക് പാരിതോഷികം കൊടുക്കുമോ ?

ശ്രീ. ഏ. ജെ. ജാൺ : അതിനെപ്പറ്റി അന്വേഷിച്ചിട്ടില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ : പൊലീസുകാർക്കുമാത്രം പാരിതോഷികം കൊടുക്കുന്നതിൽ നാട്ടുകാർക്കു പ്രതിഷേധം ഉണ്ടെന്നറിയാമോ ?

MR. SPEAKER : That is supplying fnformation.

LIBRARY ARCHIVES Kerala Legislative Assembly